നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതികൾക്ക് പ്രത്യേക രൂപരേഖ തയ്യാറാക്കേണ്ടതില്ല. കൂടാതെ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാനിൽ 7 കോടി രൂപ വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിലേക്കായി 33,69,360 രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്തിന് കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു. മറ്റ് നാല് ബ്ലോക്ക് പഞ്ചായത്തുകളും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികളെടുത്തു വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടിത്തന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുനരവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

വാമനപുരത്തെ പി.എം.ജി.എസ്.വൈ. റോഡുകൾ

71 (1507) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്തുവർഷക്കാലത്തിനിടെ PMGSY പദ്ധതിപ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത് ; ഇവയുടെ പേരും തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഇക്കാലയളവിൽ ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കിയ റോഡുകൾ, പാതിവഴിയിൽ പണി ഉപേക്ഷിക്കപ്പെട്ട റോഡുകൾ, പണി ആരംഭിക്കാത്ത റോഡുകൾ, എന്നിവയും ഇതിനുള്ള കാരണങ്ങളും വിശദമാക്കുമോ ;

(സി) PMGSY പദ്ധതിപ്രകാരം ഏറ്റെടുത്ത റോഡുകളുടെ പണി വർഷങ്ങളായി നടക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും ഫണ്ടുകളുപയോഗിച്ച് ഇത്തരം റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വാമനപുരം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന PMGSY റോഡുകൾ ഏതെങ്കിലും റീ-ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31 റോഡുകൾ. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വാമനപുരം നിയോജക മണ്ഡലത്തിൽ ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കിയതും പണി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതുമായ റോഡുകളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ഈ നിയോജകമണ്ഡലത്തിൽ പണി ആരംഭിക്കാത്ത റോഡുകൾ ഒന്നുംതന്നെയില്ല.

(സി) നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന എസ്.എൻ. പുരം-പുല്ലമല, പേരയം-പുളിനട, കല്ലിയോട്-വടക്കേക്കോണം എന്നീ റോഡുകൾ പുനർ ദർഘാസ് ചെയ്തിട്ടുണ്ട്. ഇതിൽ പേരയം-പുളിനട റോഡിന് കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പേസ് സംവിധാനം

72 (1508) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.